## കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ
## (ഹാജർ: എ.എസ്. അനൂജ)

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ – ലൈഫ് പദ്ധതി– കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

MOH6/33461/2017 കൊച്ചി – 11 തീയതി. 30.07.2017

പരാമർശം : (1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22.07.2017–ലെ എൽ.എഫ്./01/(02)/ 2017 നമ്പർ കത്ത്.

(2) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.07.2017–ലെ എൽ.എഫ്./01/(03) /2017 നമ്പർ കത്ത്.

(3) കൊച്ചി നഗരസഭാ കൗൺസിലിന്റെ 29.07.2017–ലെ 125–ാം നമ്പർ തീരുമാനം.

## ഉത്തരവ്

ലൈഫ് മിഷൻ വഴി ആനുകൂല്യം ലഭ്യമാക്കുന്നതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീ നടത്തിയ സർവ്വെ വിവരങ്ങൾ ലൈഫ് മിഷൻ ലഭ്യമാക്കിയിരിക്കുന്നു. ലൈഫ് മിഷൻ ലഭ്യമാക്കിയ കരട് ഗുണഭോക്തൃ പട്ടിക 28.07.2017 തീയതിയിൽ കൂടിയ സക്രൂട്ടിനിംഗ് & അപ്പീൽ കമ്മിറ്റി പരിശോധിക്കുകയും, ഭരണസമിതിക്ക് ശുപാർശ ചെയ്യുകയും ചെയ്തു. നഗരസഭ കൗൺസിൽ 29.07.2017 –ന് യോഗം ചേരുകയും കരട് ഗുണഭോക്തൃ ലിസ്റ്റ് പരിശോധിക്കുകയും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അനുവാദം നൽകുയും ചെയ്തു.

മേൽ സാഹചര്യത്തിൽ ലൈഫ് മിഷനിൽ നിന്നും ലഭിച്ച ആനുകൂല്യത്തിനർഹരായ ഭൂരഹിത ഭവന രഹിതരുടെ കരട് ലിസ്റ്റ് അനുബന്ധം (1) ആയും, ഭവനരഹിതരുടെ കരട് ലിസ്റ്റ് അനുബന്ധം (2) ആയും ഇതോടൊപ്പം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

താഴെ പറയുന്ന അർഹത മാനദണ്ഡപ്രകാരമാണ് ലൈഫ് മിഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുന്നു.

I. വസ്തുവും വിടും ഇല്ലാത്തവർ (ഭൂരഹിത ഭവന രഹിതർ)
(1) സ്വന്തമായി/ കുടുംബാംഗങ്ങളുടെ പേരിൽ വസ്തു ഇല്ലാത്തവർ
(2) റേഷൻ കാർഡുള്ള കുടുംബം ( ഒരു റേഷൻ കാർഡിന് ഒരു ഭവനം)
(3) കുടുംബവരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ
(4) പരമ്പരാഗതമായി കുടുംബസ്വത്ത് കൈമാറി കിട്ടാൻ സാദ്ധ്യത ഉണ്ടാകുവാൻ പാടില്ല.
(5) സ്വത്ത് ഭാഗം വച്ച ശേഷം ഭൂരഹിതരാകാൻ പാടില്ല.
(6) സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ / പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
(7) സ്വകാര്യആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

II. വസ്തു ഉള്ള ഭവന രഹിതർ ( ഭവന രഹിതർ)
(1) സ്വന്തമായി / കുടുംബാംഗങ്ങളുടെ പേരിൽ ഭവനം ഇല്ലാത്തവർ
(2) പരമ്പരാഗതമായി ഭവനം കൈമാറി കിട്ടാൻ സാദ്ധ്യത ഇല്ലാത്തവർ.

(3) റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
(4) സ്വന്തമായി വസ്തു ഉള്ളവർ (നഗരങ്ങളിൽ 5 സെൻറിന് താഴെയും ഗ്രാമങ്ങളിൽ 25 സെന്റിന് താഴെയും ഭൂമി ഉള്ളവർ മാത്രം ) പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല.
(5) കുടുംബവരുമാനം 3 ലക്ഷത്തിൽ താഴെയുള്ളവർ.
(6) സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ / പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
(7) സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

റേഷൻ കാർഡ് ഇല്ലാത്തവർ, പൂർത്തീകരിക്കാത്ത ഭവനങ്ങളുള്ളവർ, വാസയോഗ്യമല്ലാത്ത ഭവനങ്ങളിൽ താമസിക്കുന്നവർ, മക്കൾക്ക് വസ്തുവും വീടും കൈമാറിയ ശേഷം ഭവനരഹിതരായവർ, മാതാപിതാക്കൾക്ക് വസ്തുവുണ്ടായിരിക്കുകയും എന്നാൽ ഉടനടി വസ്തു ഭാഗം ചെയ്ത് മക്കൾക്ക് നൽകാൻ സാദ്ധ്യതയില്ലാത്തവർ എന്നിവർ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിനർഹരല്ലായെന്നും വ്യക്തമാക്കുന്നു.

കരട് ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് ആക്ഷേപങ്ങൾ 2017 ആഗസ്റ്റ് 10–ാം തീയതി വരെ വെള്ളപേപ്പറിൽ നഗരസഭാ സെക്രട്ടറിക്ക് നൽകാവുന്നതാണ്. ആയതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. മൂന്ന് തരത്തിലുള്ള അപ്പീലുകളാണ് പരിഗണിക്കുന്നത്.

(1) അർഹതയുണ്ടായിട്ടും ലിസ്റ്റിൽ ഉൾപ്പെടാത്ത കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപ്പീൽ
(2) അനർഹരായ കുടുംബങ്ങളെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അപ്പീൽ
(3) അർഹതയുള്ള ഗുണഭോക്താക്കളുടെ കുടുംബ വിവരങ്ങളിൽ വന്ന തെറ്റുകൾ തിരുത്തുന്നതിനുള്ള അപ്പീൽ.

**സെക്രട്ടറി**

NES

ബന്ധപ്പെട്ട ജീവനക്കാർക്ക്
(സെക്ഷൻ സൂപ്രണ്ട് മുഖേന കൈപ്പറ്റുകോപ്പി മടക്കുന്നതിന്)

പകർപ്പ്:
1. ബഹു.മേയറുടെ മേശപ്പുറത്ത്
2. ബഹു.ഡെപ്യൂട്ടി മേയറുടെ മേശപ്പുറത്ത്
3. ബഹു.സെക്രട്ടറിയുടെ മേശപ്പുറത്ത്
4. വകുപ്പുതലവന്മാർക്ക്
5. അസിസ്റ്റന്റ് എഞ്ചിനീയർ, വെഹിക്കിൾ സെൽ
6. ഹെൽത്ത് ഇൻസ്പെക്ടർ, സർക്കിൾ 17, 22
7. സർജന്റ്
8. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം/അയക്കുന്നു**

**സെക്രട്ടറിയുടെ പി.എ**